**13-ാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2227** | **18.06.2013-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര പൊതുമേഖലാവ്യവസായസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ 44 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | മുൻ വർഷങ്ങളിൽ ലാഭകരമായി പ്രവർത്തിച്ച പൊതുമേഖലാ വ്യവസായങ്ങൾ നഷ്ടത്തിലാകാനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ? | (ബി) | മുൻ കാലയളവിൽ ചില സാമ്പത്തിക വർഷങ്ങളിൽ മാത്രം ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ടെക്സ്റ്റൈൽ മില്ലുകളും,ട്രാക്കോ കേബിൾ കമ്പനി, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങളാണ് പ്രധാനമായും ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. ടെക്സ്റ്റെയിൽ മേഖലയിൽ ആഗോളതലത്തിൽ ഉണ്ടായ അസംസ്കൃത വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റവും ഉൽപ്പന്നങ്ങളുടെ വിലയിടിവുമാണ് ടെക്സ്റ്റെയിൽ മില്ലുകൾ നഷ്ടത്തിലാകുന്നതിനുള്ള പ്രധാന കാരണം. വൈദ്യുതി ബോർഡിൽ നിന്ന് ആവശ്യമായ ഓർഡറുകൾ ലഭിക്കാത്തതും പൂർത്തീകരിച്ച ഓർഡറുകളുടെ തുക ലഭിക്കുന്നതിനുള്ള ദീർഘമായ കാലതാമസവും മൂലമാണ് ഇലക്ട്രിക്കൽ മേഖലയിലുള്ള സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. |

(signature)
**സെക്ഷൻ ഓഫീസർ**